(ബി) ഇല്ല. കാൾ സെന്ററുകൾ നിലവിലുള്ള കൺട്രോൾ റൂമുകളുമായി ബന്ധപ്പെടുത്തിയാണ് നടപ്പിൽ വരുത്തുന്നത്. വനിതാ ഹെൽപ്പ് ഡെസ്കുകൾ പോലീസ് സ്റ്റേഷനുകളിലാണ് പ്രവർത്തിച്ചുവരുന്നത്.

(സി) പരാതികൾ സ്വീകരിക്കുന്നതിനും അവയ്ക്ക് ഉടനടി പരിഹാരം കാണുവാനും കാൾസെന്ററുകളിൽ വനിതാ ഉദ്യോഗസ്ഥരടക്കം ആവശ്യത്തിന് പോലീസുദ്യോഗസ്ഥരെ നിയമിക്കുന്നതാണ്. പരാതികൾ രജിസ്റ്ററിൽ രേഖപ്പെടുത്തുകയും പരാതിക്കാരെയും, എതിർ കക്ഷികളെയും വിളിച്ചു വരുത്തി പരാതിക്ക് പരിഹാരം ഉണ്ടാക്കുകയും ചെയ്യുന്നതാണ്. കേസ് എടുക്കേണ്ട പരാതിയാണെങ്കിൽ ആയതിന്മേൽ കേസ്സുകൾ രജിസ്റ്റർ ചെയ്ത് നിയമ സഹായം നൽകുന്നതാണ്. വനിതാ ഹെൽപ്പ് ഡെസ്കുകളിൽ മേൽ പറഞ്ഞ കാര്യങ്ങൾ നിലവിൽ ചെയ്തുവരുന്നുണ്ട്.

(ഡി) കാൾ സെന്ററുകൾ പ്രവർത്തനം ആരംഭിച്ചിട്ടില്ല. ഹെൽപ്പ് ഡെസ്കുകളിലൂടെ ലഭിക്കുന്ന പരാതികളിന്മേലുള്ള തുടർ നടപടികൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ മോണിറ്റർ ചെയ്യുന്നുണ്ട്. ഇതിനായി iAPS (Internal Administrative Processing System) എന്ന സംവിധാനം പോലീസ് വകുപ്പിൽ പ്രവർത്തിക്കുന്നുണ്ട്. ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ഈ സംവിധാനം ഉപയോഗിക്കുന്നതിനാവശ്യമായ യൂസർ ഐ.ഡി.യും പാസ്സ്വേർഡും നൽകിയിട്ടുണ്ട്. പ്രസ്തുത സംവിധാനത്തിലൂടെ ഫയലുകളിന്മേലും പരാതികളിന്മേലും പരിഹാരം കണ്ടെത്തുന്നുണ്ടോ എന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ മോണിറ്റർ ചെയ്യുന്നുണ്ട്.

അന്തർദേശീയ നിലവാരത്തിലുള്ള സ്റ്റേഡിയങ്ങൾ

23 (*593) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ ഗെയിംസ് പോലെ മറ്റ് ദേശീയ-അന്തർദ്ദേശീയ കായിക-മത്സരങ്ങൾ കൂടുതലായി കേരളത്തിൽ നടത്തുന്നതിന് നടപടികൾ ഉണ്ടാകുമോ ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഇത്തരം കായിക മത്സരങ്ങൾ നടത്തുന്നതിനും കേരളത്തിലെ കായിക താരങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും എല്ലാ ജില്ലകളിലും അന്തർദ്ദേശീയ നിലവാരത്തിലുള്ള സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) 2017-ലെ 17 വയസ്സിന് താഴെയുള്ള ആൺകുട്ടികളുടെ FIFA വേൾഡ് കപ്പ് ഫുട്ബോൾ മത്സരം കേരളത്തിൽ വച്ച് നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. കേരളത്തിൽ 2015-ൽ നടക്കാനിരിക്കുന്ന 35-ാമത് ദേശീയ ഗെയിംസിനോടനുബന്ധിച്ച്

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്ത് തയ്യാറായിക്കൊണ്ടിരിക്കുന്ന അന്തർദേശീയ നിലവാരമുള്ള സ്റ്റേഡിയങ്ങളും, അനുബന്ധമായി നിർമ്മിക്കപ്പെട്ടുകൊണ്ടിരിക്കുന്ന വിപുലമായ അടിസ്ഥാന കായികവികസന സൗകര്യങ്ങളും ഉപയോഗപ്പെടുത്തി വിവിധ ദേശീയ-അന്തർദേശീയ കായികമത്സരങ്ങൾ നടത്താൻ സംസ്ഥാനം സജ്ജമാണ്. എന്നാൽ അന്തർദേശീയ/ദേശീയ മത്സരങ്ങൾ നടത്തുന്നതിനായി രാജ്യങ്ങളെ/ സംസ്ഥാനങ്ങളെ തെരഞ്ഞെടുക്കുന്നത് അന്തർദേശീയ/ദേശീയ കായിക ഫെഡറേഷനുകൾ/സംഘടനകൾ ആണ്. അവയുടെ സമ്മതമുണ്ടെങ്കിൽ മാത്രമേ ഇക്കാര്യത്തിൽ തീരുമാനമെടുക്കാനാകൂ.

(ബി) 35-ാം ദേശീയ ഗെയിംസിന്റെ ഭാഗമായി കേരളത്തിലെ വിവിധ ജില്ലകളിൽ അന്തർദേശീയ നിലവാരമുള്ള സ്റ്റേഡിയങ്ങളുടെ നിർമ്മാണം പൂർത്തിയായി വരുന്നുണ്ട്. ഇതോടൊപ്പം വിവിധ കായിക ഇനങ്ങളുടെ പരിശീലനത്തിനായുള്ള അടിസ്ഥാന കായികവികസന സൗകര്യങ്ങൾ സംസ്ഥാനത്തുടനീളം കായികയുവജന കാര്യാലയം, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ എന്നിവ മുഖേന ഒരുക്കുന്ന പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. എന്നാൽ എല്ലാ ജില്ലകളിലും അന്തർദേശീയ നിലവാരമുള്ള സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല.

തീരദേശ വികസന കോർപ്പറേഷൻ മുഖേന അടിസ്ഥാന സൗകര്യവികസനം

24 (*594) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീ. എസ്. ശർമ്മ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തീരദേശ മേഖലയുടെ അടിസ്ഥാനസൗകര്യ വികസനത്തിന് തീരദേശ വികസന കോർപ്പറേഷൻ പുതുതായി എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകുക ഉണ്ടായോയെന്ന് വ്യക്തമാക്കുമോ ;

(ബി) തീരദേശ മേഖലയിലെ എല്ലാവർക്കും വീട്, കുടിവെള്ള-ശുചിത്വ സൗകര്യങ്ങൾ, വൈദ്യുതി-ആരോഗ്യ-വിദ്യാഭ്യാസ സൗകര്യങ്ങൾ എന്നിവ ഉറപ്പുവരുത്താൻ സാധിച്ചിട്ടുണ്ടോ ; ഈ രംഗത്ത് പ്രഖ്യാപിച്ചിരുന്നതും നാളിതുവരെ നടപ്പിലാക്കാതിരുന്നതുമായ പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശ്യമുണ്ടോ ; എങ്കിൽ ഇത്തരത്തിലുള്ള ഏതെല്ലാം പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) :

LIBRARY ARCHIVES Kerala Legislative Assembly